(ഇ) 2008 മുതൽ 2015 വരെയുള്ള കാലഘട്ടത്തിൽ വികസനത്തിനായി 25 കോടിയോളം രൂപ ചെലവാക്കിയത് പുതിയ ക്രെയിൻ, വൈൻഡിംഗ് മെഷീൻ, ടെസ്റ്റിംഗ് ഉപകരണങ്ങൾ, ക്രെയിനുകൾ, വാക്വം പമ്പ്, പുതിയ ഷോപ്പ് ഏരിയ തുടങ്ങിയ കമ്പനിയുടെ പ്രഥമമായ ആവശ്യങ്ങൾക്കും ഉത്പാദന ക്ഷമത മെച്ചപ്പെടുത്തുന്നതിനും വേണ്ടിയായിരുന്നു. തുടർച്ചയായി ബ്രേക്ക് ഡൗൺ ആകമായിരുന്ന പഴയ സൗകര്യങ്ങൾ മാറ്റി പുതിയവ കൊണ്ടുവരുന്നതും വികസനത്തിൽ ഉൾപ്പെടുത്തിയിരുന്നു.

പുതിയ സൗകര്യങ്ങളിൽ ചിലത് ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും പ്രോഡക്ട് സൈക്കിൾ ടൈം കുറയ്ക്കുന്നതിനും സഹായിച്ചു കോയിൽ നിർമ്മാണത്തിലെ എല്ലാ സ്റ്റേജിലും അത്യാവശ്യമായ ഹ്യുമിഡിറ്റി ആന്റ് ഡസ്റ്റ് കൺട്രോൾ സൗകര്യങ്ങൾ ടെൽക്കിലില്ലായിരുന്നു. എ.ബി.ബി., SIEMENS തുടങ്ങിയവയിലെ പുതിയ ഫാക്ടറികളുമായി താരതമ്യം ചെയ്യുമ്പോൾ മേൽപ്പറഞ്ഞ അസൗകര്യങ്ങൾ ടെൽക്കിന് വളരെ പ്രതികൂലമായിരുന്നു. വികസനം വഴി ഇവയെല്ലാം തിരുത്തി ഉപഭോക്താക്കൾക്ക് ഫാക്ടറി കൂടുതൽ മെച്ചമായി അനുഭവപ്പെടാൻ ഇടയാക്കി. ലാർജ് കപ്പാസിറ്റി ട്രാൻസ്ഫോർമറുകളുടെ ആവശ്യം കഴിഞ്ഞ രണ്ട് വർഷക്കാലമായി കുറഞ്ഞതുകാരണം പുതിയ സൗകര്യത്തിന്റെ 10% മൊത്തമായി ഉപയോഗപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. വിപണി സൗകര്യങ്ങൾ മെച്ചപ്പെടുന്നതിനനുസരിച്ച് പുതിയ സൗകര്യം മൊത്തമായി ഉപയോഗപ്പെടുത്തുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

സ്റ്റാർട്ടപ്പ് വ്യവസായരംഗം

241 (608) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റാർട്ടപ്പ് വ്യവസായ രംഗത്ത് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നിക്ഷേപം കുറയുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത രംഗത്ത് സംസ്ഥാനം പിന്നോക്കം പോകുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ കണ്ടെത്തിയ കാരണങ്ങൾ എന്തെല്ലാമെന്നാണ് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത രംഗത്തെ നിക്ഷേപകരെ ആകർഷിക്കുന്ന തരത്തിൽ എന്തെല്ലാം അനുകൂല ഘടകങ്ങളാണ് സംസ്ഥാനം വാഗ്ദാനം ചെയ്തിട്ടുള്ളത് ;

(ഡി) പ്രസ്തുത രംഗത്തെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി കൂടുതൽ നിക്ഷേപം ലഭ്യമാക്കുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ഉത്തരം (എ)-യുടെ വെളിച്ചത്തിൽ ബാധകമല്ല.

(സി&ഡി) 12-5-2015-ലെ സ.ഉ.(കൈ) 14/2015/വി.സാ.വ. നമ്പർ ഉത്തരവ് പ്രകാരം കേരളാ ടെക്നോളജി സ്റ്റാർട്ട്പ്പ് പോളിസി പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിലെ യുവതീയുവാക്കളെ ശാസ്ത്ര സാങ്കേതിക മേഖലകളിൽ വളർത്തിയെടുക്കുക, അവരിലെ കഴിവുകളെ പ്രോത്സാഹിപ്പിക്കുക, അവരുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കുക എന്നീ ലക്ഷ്യത്തോടെ രൂപം കൊടുത്ത പോളിസിയാണ് കേരളാ ടെക്നോളജി സ്റ്റാർട്ട്പ് പോളിസി. മികച്ച രീതിയിൽ ഇങ്കുബേഷൻ നൽകി ഉയർന്ന നിലവാരമുള്ള കമ്പനികളാക്കുന്നതിനുള്ള സാഹചര്യം സ്റ്റാർട്ടപ്പുകൾക്ക് നൽകിവരുന്നു. നിക്ഷേപകരെ ആകർഷിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെ ചേർക്കുന്നു :

1. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലും സർക്കാർ ഐ.ടി. പാർക്കുകളിലും വ്യവസായ പാർക്കുകളിലും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഇൻകുബേഷൻ സൗകര്യം ഒരുക്കുക.
2. ഇൻകുബേഷൻ ഇൻഫ്രാസ്ട്രക്ചർ വികസന ഫണ്ട് രൂപീകരിക്കുക.
3. ടെസ്റ്റിംഗ് ലാബ്, ഡിസൈൻ ലാബ്, ഫാബ് ലാബ് തുടങ്ങിയ പൊതു അടിസ്ഥാന സൗകര്യ വികസനം.
4. ലോകോത്തര നിലവാരമുള്ള ആക്സിലറേറ്ററുകൾ സ്ഥാപിക്കുക.
5. സ്റ്റാർട്ടപ് സംരംഭങ്ങൾക്ക് ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയും മറ്റ് സാമ്പത്തിക സഹായങ്ങളും എളുപ്പത്തിൽ ലഭ്യമാക്കുക.

സംരംഭകരാകുന്നതിനുള്ള താൽപര്യം ജനിപ്പിക്കുകയും പ്രോത്സാഹനം നൽകുകയും വിവിധ പരിശീലന പരിപാടികളിലൂടെ അവരെ പ്രാപ്തരാക്കുകയും ചെയ്ത് കൂടുതൽ യുവ സംരംഭകരെ വാർത്തെടുക്കുന്നതിനുള്ള യുവ സംരംഭകത്വ വികസന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഇതിന്റെ ഘടകങ്ങൾ താഴെ പറയുന്നവയാണ് :

റാസ്പ്ബെറി പൈ പ്രോഗ്രാം :

വിദ്യാർത്ഥികളിലെ പ്രോഗ്രാമിംഗ് നൈപുണ്യം വികസിപ്പിക്കുവാൻ സംസ്ഥാന സർക്കാർ രൂപം നൽകിയ പദ്ധതിയാണ് റാസ്പ്ബെറി പൈ പ്രോഗ്രാം.

നേതൃത്വ പരിശീലന പരിപാടി :

വിദ്യാർത്ഥികളിൽ നേതൃത്വ പരിശീലന പാടവം വളർത്തുവാനായി സ്റ്റാൻഫോർഡും ഹാർവാർഡും പോലുള്ള യൂണിവേഴ്സിറ്റികൾ സന്ദർശിക്കാൻ അവസരമൊരുക്കുക എന്ന ലക്ഷ്യത്തോടെ നേതൃത്വ പരിശീലന പരിപാടികൾ ആസൂത്രണം ചെയ്യുവരുന്നു.

അന്തർദ്ദേശീയ സംരംഭകത്വ എക്സ്ചേഞ്ച് പരിപാടി :

വിദ്യാർത്ഥികളെ വിവിധ അന്തർദേശീയ കോൺഫറൻസുകളിൽ പങ്കെടുപ്പിക്കുകയെന്ന ലക്ഷ്യത്തോടെ രൂപം നൽകിയ പദ്ധതിയാണ് അന്തർദേശീയ സംരംഭകത്വ എക്സ്ചേഞ്ച് പരിപാടി.

സ്റ്റാർട്ടപ് ബൂട്ട് ക്യാമ്പ് :

കേരളത്തിലെ വിദ്യാർത്ഥികളിൽ സംരംഭകത്വം വളർത്തുവാനും നൂതന ആശയങ്ങൾക്ക് പ്രോത്സാഹനം നൽകുവാനുമായി സംസ്ഥാന സർക്കാർ രൂപം കൊടുത്ത പദ്ധതിയാണ് സ്റ്റാർട്ടപ് ബൂട്ട് ക്യാമ്പ്.

ഫാബ് ലാബ് :

ഇലക്ട്രോണിക്സ് മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനും ഇതിലേക്ക് കൂടുതൽ വിദ്യാർത്ഥികളെ ആകർഷിക്കുവാനുമായി തിരുവനന്തപുരത്തെ ടെക്നോപാർക്കിലും കൊച്ചിയിലെ ടെക്നോളജി ഇന്നവേഷൻ സോണിലും ഫാബ് ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്.

സ്റ്റാർട്ടപ് ബോക്സ് ക്യാംപെയിൻ :

കേരളത്തിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളെ സംരംഭകരായി വളർത്തിയെടുക്കുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ സംരംഭകത്വ പ്രചരണ പരിപാടി സംഘടിപ്പിക്കുവാനും വിദ്യാർത്ഥികൾക്ക് സ്റ്റാർട്ടപ് ബോക്സുകൾ വിതരണം ചെയ്യുവാനുമായി രൂപം നൽകിയ പദ്ധതിയാണ് സ്റ്റാർട്ടപ് ബോക്സ് ക്യാംപെയിൻ.

LIBRARY ARCHIVES Kerala Legislative Assembly

നാസ്കോം വെയർഹൗസ് :

എറണാകുളം ഇൻഫോപാർക്കിൽ 10000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു സ്റ്റാർട്ടപ് വെയർഹൗസ് നാസ്കോമുമായി സഹകരിച്ച് സ്ഥാപിച്ചിട്ടുണ്ട്.

കീ ആക്സിലറേറ്റർ :

ഇൻകുബേഷൻ കഴിഞ്ഞ കമ്പനികൾക്ക് അവരുടെ വികസനത്തിനായി ഒരു ടെക്നോളജി ബിസിനസ് ആക്സിലറേറ്റർ കിൻഫ്രയുടെ ഫിലിം ആന്റ് വീഡിയോ പാർക്കിൽ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു.

സ്റ്റാർട്ടപ് ഐ 3 :

ആശയ രൂപീകരണം മുതൽ ഉത്പന്നമാകുന്ന വരെയുള്ള കാര്യങ്ങൾ ഉൾപ്പെടുത്തി കോളേജ് തലത്തിൽ സ്റ്റാർട്ടപ് ഐ 3 പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.

മലബാർസിമന്റ്സ്

242 (609) പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സ് ഇന്നത്തെ നിലയിൽ തകർച്ചയ്ക്ക് കാരണമായത് അധികൃതരുടെ അനാസ്ഥയും കെടുകാര്യസ്ഥതയും അഴിമതിയുമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് പുരോഗതിയിലായിരുന്ന പ്രസ്തുത സ്ഥാപനത്തെ ഇന്നത്തെ തകർച്ചയിൽ നിന്നും സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(സി) പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിച്ച് അഭിവൃദ്ധിയിലെത്തിക്കുന്നതിലുള്ള താല്പര്യമില്ലായ്മയാണ് മലബാർ സിമന്റ്സിന്റെ തകർച്ചയിലൂടെ വ്യക്തമാകുന്നതെന്ന പരാതിയിന്മേലുള്ള നിലപാട് വിശദമാക്കുമോ ?

ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സ് യാതൊരുവിധ

LIBRARY ARCHIVES Kerala Legislative Assembly